# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** | **16/08/2017-ൽ മറുപടിയ്ക്ക്**

## സഹകരണ മേഖലയിൽ തൊഴിൽ വികസന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. നൗഷാദ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.വി. ജോയി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വർഷത്തിൽ ഇരുപതിനായിരം തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള തൊഴിൽ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സഹകരണ മേഖലയിൽ പ്രതിവർഷം 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 14 ജില്ലകളിൽ നിന്നും മികവുറ്റ 100 പ്രാഥമിക സഹകരണ സംഘങ്ങളെ തെരെഞ്ഞെടുക്കുകയും ഓരോ സംഘങ്ങളിലും 100 വ്യക്തികൾ/കുടുംബങ്ങൾ ഉൾപ്പെടുന്ന 10 വീതമുള്ള ചെറുകിട ഉൽപ്പാദന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്യും. പ്രസ്തുത ക്ലസ്റ്ററുകൾ മുഖേന പ്രദേശിക വിഭവ ലഭ്യതയ്ക്കനുസരിച്ചുള്ള കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ആയതിന് സംഘം മുഖേന വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും. ഒരു സംഘത്തിന് 1000 തൊഴിലവസരങ്ങൾ വീതം സൃഷ്ടിക്കാൻ കഴിയുന്ന ടി പദ്ധതിക്ക് ആവശ്യമായ സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡ് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി ഘട്ടംഘട്ടമായി പ്രാവർത്തികമാക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന്റെ വികസന താല്പര്യത്തിന് പ്രയോജനപ്രദമാകുന്ന തരത്തിൽ കേരള ബാങ്ക് രൂപീകരിക്കാനുള്ള കർമ്മ പരിപാടിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ച് സർക്കാർ ഉത്തരാവായിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് 500 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അധികമായി അനുവദിച്ചതുവഴി പ്രതീക്ഷിക്കുന്ന നേട്ടം എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് 500 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അധികമായി അനുവദിച്ചതുവഴി പ്രതീക്ഷിക്കുന്ന നേട്ടം കൂടുതൽ വായ്പകൾ നൽകാൻ സാധിക്കും എന്നുള്ളതാണ്. അധികമായി അനുവദിച്ച സർക്കാർ ഗ്യാരന്റി ഉപയോഗിച്ച് നബാർഡിൽ നിന്നും റീഫിനാൻസ് ലഭിക്കുന്നതിനും ആയത് വായ്പകൾ നൽകുന്നതിന് ഉപയോഗിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ